നടന്നുകൊണ്ടിരിക്കുന്നു. പഞ്ചായത്തുകളിലെ പദ്ധതി നിർവ്വഹണത്തിലെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിലേക്കാണ് പ്രസ്തുത ഫണ്ട് അനുവദിച്ചിട്ടുള്ളത്.

(സി) കോഴിക്കോട് ജില്ലയിൽ 2014-15-ൽ ധനസഹായത്തിന് അർഹത നേടിയിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ പേരുകൾ അനുബന്ധത്തിൽ ക്രമനമ്പർ 407 മുതൽ 471 വരെ ആയി ചേർത്തിരിക്കുന്നു.*

**ജനന മരണ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

216 (3193) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനനം, മരണം എന്നിവ രജിസ്റ്റർ ചെയ്യുന്നതിന് കാലവിളംബം നേരിട്ടവർക്കും, രജിസ്റ്റർ ചെയ്യാത്തവർക്കും സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് നിലവിലുള്ള നടപടി ക്രമങ്ങൾ എന്താണെന്ന് വിശദമാക്കുമോ ;

(ബി) നടപടി ക്രമങ്ങൾ ലഘൂകരിച്ച് പഞ്ചായത്ത് തലത്തിലോ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ തലത്തിലോ ഫൈൻ അടച്ച് സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ജനന-മരണ രജിസ്ട്രേഷൻ നടത്താത്തവർക്കുള്ള അപേക്ഷകളിന്മേൽ തീരുമാനം കല്പിക്കുന്നതിന് ജില്ലാതലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുമോ ?

ഉത്തരം

(എ) 30 ദിവസത്തിനകം റിപ്പോർട്ട് ചെയ്യാത്ത ജനന മരണങ്ങൾ ഒരു വർഷം വരെ ജില്ലാ രജിസ്ട്രാറുടെയും (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) ഒരു വർഷത്തിനകം രജിസ്റ്റർ ചെയ്യാത്തവ സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെയും (ആർ.ഡി.ഒ.) അനുമതിയോടെ മാത്രമേ രജിസ്റ്റർ ചെയ്യാൻ പാടുള്ളൂവെന്ന് 2-8-1972-ലെ ജി.ഒ. നമ്പർ 124/72/Home എന്ന ഉത്തരവിലൂടെ നിഷ്കർഷിച്ചിട്ടുണ്ട്. ആക്ട് നിലവിൽ വന്ന 1-4-1970-ന് മുമ്പുള്ള ജനന മരണങ്ങളും ഇപ്രകാരം രജിസ്റ്റർ ചെയ്യാവുന്നതാണ്. 1999-ലെ കേരള ജനന മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം, 13 ഉപചട്ടം (3) അനുസരിച്ച് ഏതെങ്കിലും ജനനമോ മരണമോ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ഫാറം നമ്പർ 10-ൽ ഒരു നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ജനന മരണ രജിസ്ട്രാർ നൽകേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ജനനം/മരണം രജിസ്റ്റർ ചെയ്യുന്നതിന് ആർ.ഡി.ഒ. അനുമതി നൽകുന്നതാണ്.

(ബി&സി) പരിശോധിക്കേണ്ടതായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly